ക്ലാർക്ക്	: 11
ടൈപ്പിസ്റ്റ്	: 4
റെക്കോഡ് കീപ്പർ	: 1
ഡ്രൈവർ	: 2
നൈറ്റ് വാച്ച്മാൻ	: 1
ബൈൻഡർ	: 1

റീജിയണൽ ഓഫീസ്, തിരുവനന്തപുരം

അക്കൗണ്ട്സ് ഓഫീസർ	: 1
ക്ലാർക്ക്	: 2

റീജിയണൽ ഓഫീസ്, എറണാകുളം

ജൂനിയർ സൂപ്രണ്ട്	: 1

റീജയണൽ ഓഫീസ്, കോഴിക്കോട്

ജൂനിയർ സൂപ്രണ്ട്	: 1

(ബി) ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ, നൈറ്റ് വാച്ച്മാൻ, ബൈൻഡർ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹയർ സെക്കൻഡറി ഡയറക്ടറേറ്റിൽ സ്ഥിരപ്പെടുത്തുവാൻ ഓപ്ഷൻ നൽകി ഡെപ്യൂട്ടേഷനിൽ തുടരുന്ന യൂണിവേഴ്സിറ്റികളിലെയും കോളേജ് വിദ്യാഭ്യാസ വകുപ്പിലെയും ജീവനക്കാരെ റഗുലറൈസ് ചെയ്യുവാൻ തീരുമാനമായിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

"താൽക്കാലിക/ദിവസവേതന അടിസ്ഥാനത്തിൽ നടക്കുന്ന അദ്ധ്യാപക നിയമനങ്ങളിൽ പട്ടികവിഭാഗത്തിലുള്ളവർക്ക് പരിഗണന"

108 (3862) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ താൽക്കാലിക/ ദിവസവേതന അടിസ്ഥാനത്തിൽ നടക്കുന്ന അദ്ധ്യാപക നിയമനങ്ങളിൽ പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ളവർക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തുടർന്നുള്ള നിയമനങ്ങളിൽ എസ്. സി./ എസ്. ടി. വിഭാഗത്തിന് അർഹമായ പരിഗണന ഉറപ്പു വരുത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹയർ സെക്കൻഡറി ജൂനിയർ അറബിക് ഒഴിവുള്ള തസ്തികകളിലെ എൻ.സി.എ. നിയമനം

109 (3863) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ അറബിക് തസ്തികയിലേക്ക് (കാറ്റഗറി നമ്പർ 201/2005) തീയതി 16-1-2008-ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും ആകെ എത്രപേരെ നിയമിച്ചു ;

(ബി) സംവരണ സമുദായങ്ങൾക്ക് എത്ര സീറ്റുകളാണ് നീക്കി വച്ചിരിക്കുന്നത് ; അതിലേക്ക് പ്രസ്തുത സമുദായങ്ങളിൽ നിന്നും പ്രത്യേക വിജ്ഞാപനം (എൻ.സി.എ) നടത്തിയോ ;

(സി) അതു പ്രകാരം എത്രപേരെ നിയമിച്ചുവെന്നും ഇനി എത്ര ഒഴിവുകൾ പ്രസ്തുത തസ്തികയിൽ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) എൻ.സി.എ ഒഴിവുകളിലേക്ക് മെയിൻ ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 37 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു. എച്ച്.എസ്.എസ്.ടി. ജൂനിയർ അറബിക് തസ്തികയുടെ റൊട്ടേഷൻ തയ്യാറാക്കിയപ്പോൾ റാങ്ക്ലിസ്റ്റിൽ ലഭ്യ മല്ലാതിരുന്ന സംവരണ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ 32 എൻ.സി.എ. ഒഴിവുകൾ 13-5-2009-ൽ വിജ്ഞാപനം ചെയ്തെങ്കിലും യോഗ്യരായവരുടെ അഭാവത്തിൽ മേൽ ഒഴിവുകൾ 16-4-2010-ൽ ഒന്നാം പുനർ വിജ്ഞാപനമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു. 16-4-2010-ലെ ഒന്നാം പുനർ വിജ്ഞാപന ത്തിനുശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ 32 എൻ.സി.എ. ഒഴിവുകൾ നിലവിലുണ്ട്.

(ഡി) രണ്ടാം പുനർ വിജ്ഞാപനത്തിനുശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിച്ചില്ലെങ്കിൽ മാത്രമേ പ്രസ്തുത ഒഴിവുകൾ ചട്ട പ്രകാരം റാങ്ക് ലിസ്റ്റിൽ ലഭ്യമായ മറ്റ് സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകാൻ കഴിയുകയുള്ളൂ.

2308/12

LIBRARY ARCHIVES Kerala Legislative Assembly